കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യ വകുപ്പ് - ജീവനക്കാര്യം - പതിനൊന്നിന പരിപാടിയിൽ ഉൾപ്പെടുത്തി സാംസ്കാരിക നിലയങ്ങളിലെ ലൈബ്രേറിയൻ, നഴ്സറികളിലെ ടീച്ചർ, ആയ എന്നിവരുടെ ഓണറേറിയം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.863 /2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 30/03/2013

പരാമർശം :

1. സ.ഉ (സാധാ) നമ്പർ 2518/2009/തസ്വഭവ തീയതി 01/10/2009
2. നഗരകാര്യ ഡയറക്ടറുടെ 28/12/2012 ലെ ജി2-10258/10 നമ്പർ കത്ത്
3. നഗരകാര്യ ഡയറക്ടറുടെ 25/01/2013 ലെ ഇ6/3888/2012 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പതിനൊന്നിന പരിപാടിയിൻ കീഴിൽ പ്രവർത്തിക്കുന്ന സാംസ്കാരിക നിലയം, നഴ്സറി സ്കൂൾ എന്നിവിടങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ പ്രവർത്തി ചെയ്തു വരുന്ന ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവരുടെ ഓണറേറിയം യഥാക്രമം 2050/- രൂപ, 2050/- രൂപ, 1300/- രൂപ എന്നിങ്ങനെ 01/04/2009 മുതൽ ബാദ്ധ്യത പഞ്ചായത്തുകളിലെ തനതുഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ പരാമർശം (1) പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം നഗരസഭകളോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിലെ പ്രസ്തുത വിഭാഗം ജീവനക്കാർക്കുകൂടി, ബാദ്ധ്യത അതത് നഗരസഭാ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ